**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 528 — 11.12.2012ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ് കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വർക്കല കഹാർ<br>,, വി.പി.സജീന്ദ്രൻ<br>,, പി.സി.വിഷ്ണുനാഥ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനും കൺസ്യൂമർഫെഡ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും, പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർ ഫെഡിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും നന്മ സ്റ്റോറുകളിലൂടെയും, ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ വിലയ്ക്ക് വിൽപന നടത്തുന്നത് പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകമാകുന്നുണ്ട്. ഇവയുടെ എണ്ണം വർദ്ധിപ്പിച്ചും, വിലക്കയറ്റത്തിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ പ്രത്യേക വിപണന മേളകൾ നടത്തി അവയിലൂടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപന നടത്തിയുമാണ് പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും കൺസ്യൂമർ ഫെഡറേഷൻ പദ്ധതിയിട്ടിട്ടുള്ളത്. കൂടാതെ കൺസ്യൂമർ ഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുന്നതിനും, ശക്തമാക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | ആയതിനായി പുതിയതായി എന്തെല്ലാം തരത്തിലുള്ള സ്റ്റോറുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും | നിലവിലുള്ള വിഭാഗങ്ങളുടെ വിപുലീകരണ നടപടികളല്ലാതെ മറ്റു തരത്തിലുള്ള സ്റ്റോറുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന് ഇപ്പോൾ പദ്ധതിയില്ല. |
| (സി) | ഇവ തുടങ്ങുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ